(സി) വിനോദസഞ്ചാരം, യാത്രക്കാരുടെ സഞ്ചാരം എന്നീ മേഖലകളിൽക്കൂടി തീരക്കടൽ ഗതാഗതത്തിന്റെ സാദ്ധ്യത വിനിയോഗിക്കുന്നതിന് അതിവേഗ സഞ്ചാരോപാധിയായ കറ്റമരൻ ഉൾപ്പെടെയുള്ളവ ഏർപ്പെടുത്തുമോ?

കോവളം-കന്യാകുമാരി സീ റൂട്ടിൽ ഒരു High Speed Ferry Service ആരംഭിക്കുന്നതിനായി സാദ്ധ്യതാ പഠനം നടത്തുന്നതിനായി M/s NATPAC-നെ ചുമതലപ്പെടുത്തി. M/s NATPAC സമർപ്പിച്ച റിപ്പോർട്ടിന്മേലുള്ള Technical and Financial Feasibility പഠനം നടന്നുവരികയാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ

1(611) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടുൾപ്പടെ ഉപയോഗപ്പെടുത്തി അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നടപ്പാക്കി വരുന്ന വിവിധ പ്രവൃത്തികൾ ഏതൊക്കെയെന്നും ഇവയ്ക്കായി അനുവദിച്ച തുകയും വ്യക്തമാക്കാമോ; ഓരോ പദ്ധതിയുടെയും നിർവ്വഹണ ഏജൻസി, പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്നിവ വിശദമാക്കാമോ?

കിഫ്ബി ഫണ്ടുപയോഗിച്ച് നിലവിൽ പദ്ധതികളൊന്നുമില്ല. അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നടപ്പാക്കി വരുന്ന വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇനിയും നിർമ്മാണം ആരംഭിക്കാത്തതോ തടസ്സപ്പെട്ടതോ ആയ ഏതെങ്കിലും പ്രവൃത്തി നിലവിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

### കുണ്ടറ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

2 (612) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിലെ റോഡ്സ് വിഭാഗത്തിന്റെ കീഴിൽ നിലവിൽ ഏതൊക്കെ പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നത്; ഇതിൽ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ, ടെണ്ടർ ചെയ്തിട്ടുള്ള പ്രവൃത്തികൾ, എഗ്രിമെന്റ് ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്നിങ്ങനെ തരംതിരിച്ച് നൽകാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കുണ്ടറ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗത്തിന്റെ കീഴിൽ ഭരണാനുമതി ലഭിച്ച് നടന്നുകൊണ്ടിരിക്കുന്ന 10 പ്രവൃത്തികളാണുള്ളത്. ഇതിൽ ഒരു പ്രവൃത്തി റീ-ടെണ്ടർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗത്തിന്റെ കീഴിൽ കണ്ണനല്ലൂർ ടൗൺ വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടിയാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്; ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ?

കണ്ണനല്ലൂർ ജംഗ്ഷൻ ഡിസൈൻ ചീഫ് എഞ്ചിനീയർ അംഗീകരിച്ചത് പ്രകാരം അലൈൻമെന്റ് സ്റ്റോണുകൾ ഫീൽഡിൽ സ്ഥാപിക്കുകയും റവന്യൂ സർവ്വേ വിഭാഗം സ്ഥലമെടുപ്പ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്, കൂടാതെ സോഷ്യൽ ഇംപാക്റ്റ് പഠനം നടത്തിയിട്ടുമുണ്ട്. പ്രവൃത്തിയുടെ ഫയൽ കെ.ആർ.എഫ്.ബി.-ക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്. പ്രസ്തുത ഡിസൈൻ പ്രകാരം പദ്ധതിക്കായി ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ ഭാഗങ്ങൾ കല്ലിട്ട് രേഖപ്പെടുത്തിയതിനുശേഷമാണ് പദ്ധതി കേരള റോഡ് ഫണ്ട് ബോർഡിന് കൈമാറിയത്. ഇപ്പോൾ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. ആയതിലേയ്ക്ക് കൊല്ലം ജില്ലാ കളക്ടറുടെ 10-6-2021-ലെ നടപടിക്രമം പ്രകാരം 81.29 ആർ. സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി പ്രാരംഭ വിജ്ഞാപനം RFCTLAR ACT 2013 വകുപ്പ് 11(1) പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനായി കിഫ്ബി, LA വിഭാഗത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) കുണ്ടറ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിലെ ബിൽഡിംഗ്സ് വിഭാഗത്തിന്റെ കീഴിൽ നിലവിൽ ഏതൊക്കെ പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നത്; ഇതിൽ ഭരണാനുമതി ലഭിച്ചിട്ടും തുടങ്ങിയിട്ടില്ലാത്ത പ്രവൃത്തികൾ, ടെണ്ടർ ചെയ്തിട്ടുള്ള പ്രവൃത്തികൾ, എഗ്രിമെന്റ് ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്നിങ്ങനെ തരംതിരിച്ച് നൽകാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ചാവക്കാട് കോടതിക്ക് പുതിയ കെട്ടിടം**

3(613) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് കോടതിക്ക് പുതിയതായി സമുച്ചയം നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.